LIBRARY ARCHIVES Kerala Legislative Assembly

ജൈവ വൈവിദ്ധ്യ സർക്യൂട്ട്

132(4142) ശ്രീ. പി. എസ് സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജൈവ വൈവിദ്ധ്യ സർക്യൂട്ട് പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജൈവ വൈവിദ്ധ്യ സർക്യൂട്ട് പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) പുനലൂർ നിയോജകമണ്ഡലത്തിലെ മലമേൽപാറ, കുളത്തുപ്പുഴ എന്നീ പ്രദേശങ്ങളുടെ ടൂറിസം വികസന സാധ്യത കണക്കിലെടുത്ത് പ്രസ്തുത പ്രദേശങ്ങളെക്കൂടി നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പരിശോധിക്കാവുന്നതാണ്. നിലവിൽ കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമുരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ടാണ് ഇപ്പോൾ നടത്താൻ ഉദ്ദേശിക്കുന്നത്.

കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം

133(4143) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കെ.ടി.ഡി.സി. ഹോട്ടലുകളുടെ നവീകരണം ലക്ഷ്യമിട്ട് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സഞ്ചാരികൾക്കും ടൂറിസ്റ്റുകൾക്കും ആകർഷകമാകുന്ന രീതിയിൽ സൗകര്യങ്ങൾ ഒരുക്കി യൂണിറ്റുകളുടെ മോടി വർദ്ധിപ്പിച്ചു.

1. കെ.ടി.ഡി.സി.-യുടെ എല്ലാ പ്രീമിയവും ബഡ്ജറ്റുമായ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു.
2. മാസ്റ്റർ ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു.
3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു. ഗ്രാന്റ് ചൈത്രം എന്ന് നാമകരണം ചെയ്ത് വിപണനം ചെയ്തുവരുന്നു.